
എ.വൈ.ആർ

**തിന്മ ചെയ്യുന്നവരെ ഏറ്റവും നന്മയായതുകൊണ്ട് പ്രതിരോധിക്കുക എന്നത് പീഡിതവും അവശവുമായ അവസ്ഥകളിൽ സ്വീകരിക്കേണ്ട ഒരു തന്ത്രമല്ല. സുകൃതികൾ ശക്തരായിരിക്കുമ്പോഴും ദുർബലരായിരിക്കുമ്പോഴും ഒരുപോലെ അനുവർത്തിക്കേണ്ട സ്ഥിരം സ്വഭാവമാണ്.**



ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ ٱلسَّيِّئَةَ ۚ نَحْنُ أَعْلَمُ بِمَا يَصِفُونَ ﴿٩٦﴾

96. പ്രവാചകൻ തിന്മയെ ഏറ്റവും നന്മയായതുകൊണ്ടു തടയേണം. അവർ നിന്നെക്കുറിച്ചാരോപിക്കുന്നതൊക്കെയും നാം നന്നായറിയുന്നുണ്ട്.

وَقُل رَّبِّ أَعُوذُ بِكَ مِنْ هَمَزَٰتِ ٱلشَّيَٰطِينِ ﴿٩٧﴾

97. നീ പ്രാർഥിച്ചുകൊണ്ടിരിക്കുക: നാഥാ, ചെകുത്താന്റെ പ്രകോപനങ്ങളിൽ നിന്ന് ഞാൻ നിന്നിൽ ശരണം തേടുന്നു.

وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ﴿٩٨﴾

98. അവർ എന്നെ സമീപിക്കുന്നതിൽ നിന്നുകൂടി ഞാൻ നിന്നിൽ ശരണം തേടുന്നു.

**96–98**

ٱدْفَعْ = നീ (പ്രവാചകൻ) തടയുക, പ്രതിരോധിക്കുക   بِٱلَّتِى هِىَ أَحْسَنُ = ഏറ്റം നന്മയായത് എന്താണോ അതുകൊണ്ട്

ٱلسَّيِّئَةَ = തിന്മയെ   نَحْنُ أَعْلَمُ = നാം നന്നായി അറിയുന്നുണ്ട്

بِمَا يَصِفُونَ = അവർ വിശേഷിപ്പിക്കുന്നത് (നിന്നെക്കുറിച്ച് ആരോപിക്കുന്നതൊക്കെയും)

وَقُل = നീ പറയുക (പ്രാർഥിച്ചുകൊണ്ടിരിക്കുക)   رَّبِّ = എന്റെ നാഥാ

أَعُوذُ بِكَ = ഞാൻ നിന്നിൽ ശരണം തേടുന്നു   مِنْ هَمَزَٰتِ ٱلشَّيَٰطِينِ = ചെകുത്താന്റെ പ്രകോപനങ്ങളിൽ നിന്ന്

وَأَعُوذُ بِكَ = ഞാൻ നിന്നോട് ശരണം തേടുന്നു   رَبِّ = എന്റെ നാഥാ

أَن يَحْضُرُونِ = അവർ ഹാജരാകുന്നതിൽ നിന്നും (എന്നെ സമീപിക്കുന്നതിൽ നിന്നുകൂടി)

പ്രതിസന്ധി ഘട്ടങ്ങളെ പ്രവാചകൻ സഹനത്തോടെ, ക്ഷമയോടെ തരണം ചെയ്യണം. പരിഹാസങ്ങളിലും പീഡനങ്ങളിലും പ്രബോധകർ പ്രകോപിതരായിക്കൂടാ. പ്രതിയോഗികളുടെ തിന്മകളെ അതിനു തുല്യമായ തിന്മകൊണ്ടല്ല നേരിടേണ്ടത്. സാമാന്യ നന്മ–حسن–കൊണ്ടുമല്ല. പ്രത്യുത ഏറ്റം വിശിഷ്ടമായ നന്മ–احسن–കൊണ്ടാണ്. പരിഹസിക്കുന്നവനെ അതുപോലെ തിരിച്ചു പരിഹസിക്കുന്നതും തിന്മയെ തിന്മ കൊണ്ട് നേരിടലാണ്. അടിച്ചവനെ തിരിച്ചടിക്കുന്നതും അപ്രകാരം തന്നെ; അത് അന്യായമല്ലെങ്കിലും. പരിഹസിക്കുന്നവനോടും പ്രഹരിക്കുന്നവനോടും അതേമട്ടിൽ പ്രതികരിക്കാതെ ക്ഷമിക്കുന്നതാണ് നന്മ; സൽകർമം. ഉപദ്രവിച്ചവന് തിരിച്ച് ഉപകാരം ചെയ്യുന്നതാണ് ഏറ്റവും വിശിഷ്ടമായ നന്മ–احسن. അതു ചെയ്യുന്നവനാണ് محسن . അതായിരിക്കണം പ്രബോധകരുടെ സ്വഭാവം.

തിന്മ ചെയ്യുന്നവരെ ഏറ്റവും നന്മയായതുകൊണ്ട് പ്രതിരോധിക്കുക എന്നത് പീഡിതവും അവശവുമായ അവസ്ഥക

ളിൽ സ്വീകരിക്കേണ്ട ഒരു തന്ത്രമല്ല. സുകൃതികൾ ശക്തരായിരിക്കുമ്പോഴും ദുർബലരായിരിക്കുമ്പോഴും ഒരുപോലെ അനുവർത്തിക്കേണ്ട സ്ഥിരം സ്വഭാവമാണ്. ഖുറൈശികളുടെ മർദ്ദന പീഡനങ്ങൾ സഹിക്കാനാവാതെ മക്കയിൽ നിന്ന് പലായനം ചെയ്യേണ്ടിവന്ന പ്രവാചകനും സഖാക്കളും പിന്നീട് ജേതാക്കളായി മക്കയിൽ തിരിച്ചെത്തുകയുണ്ടായി. അപ്പോൾ നബി (സ) എന്തുശിക്ഷയാണ് തങ്ങൾക്ക് വിധിക്കാൻ പോകുന്നതെന്നുൽകണ്ഠപ്പെട്ടുകൊണ്ടും അദ്ദേഹത്തിന്റെ ദാക്ഷിണ്യം അർഥിച്ചുകൊണ്ടും ചുറ്റും കൂടിയ ഖുറൈശി പ്രമുഖരോട് അദ്ദേഹം ചോദിച്ചു: "ഞാൻ നിങ്ങളെ എന്തുചെയ്യുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?" അവർ ബോധിപ്പിച്ചു: "അങ്ങ് നല്ലത് ചെയ്യുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അങ്ങ് ഞങ്ങളുടെ മാന്യസഹോദരനാണ്. മാന്യ സഹോദരന്റെ പുത്രനാണ്." നബി(സ) പ്രസ്താവിച്ചു: "എല്ലാവരും പൊയ്ക്കൊള്ളുവിൻ. നിങ്ങൾ സ്വതന്ത്രരാകുന്നു." കൂടാതെ ആ പ്രമുഖരുടെ നിലവാരത്തിനൊത്ത പരിഗണനയും പദവികളും അവർക്ക് നൽകുകയും ചെയ്തു. ഫദാലത്ത് ബിൻ ഉമൈറുല്ലൈഥിയുടെ കഥ മറ്റൊരുദാഹരണമാണ്. അദ്ദേഹം പ്രവാചകന്റെ ബദ്ധ വിരോധിയായിരുന്നു. മക്കാ വിമോചന ദിനത്തിൽ അദ്ദേഹം നബി (സ)യെ വകവരുത്താനുറച്ചു വാളുമായി ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി തിരുസന്നിധിയിലെത്തി. അദ്ദേഹത്തെ കണ്ടപ്പോൾ നബി (സ) ചോദിച്ചു: "എന്താണ് നിങ്ങളുടെ മനസ്സിലിരിപ്പ്?" ഫദാല പറഞ്ഞു: "ഒന്നുമില്ല. ഞാൻ അല്ലാഹുവിനെ സ്മരിക്കുകയായിരുന്നു." നബി ചിരിച്ചുകൊണ്ട് പ്രതിവചിച്ചു: "നിങ്ങളുടെ പാപം പൊറുത്തുതരാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നുണ്ട്." ഫദാല പറയുന്നു: "അനന്തരം പ്രവാചകന്റെ കൈ എന്റെ മാറിടം തലോടി. തിരുഹസ്തം എന്റെ മാറിടത്തിൽ നിന്ന് ഉയർത്തുമ്പോഴേക്കും ദൈവത്തിന്റെ സൃഷ്ടികളിൽ എനിക്കേറ്റവും പ്രിയപ്പെട്ടവൻ അദ്ദേഹമായി ത്തീർന്നു." പ്രവാചക ശിഷ്യന്മാരിലും അവരുടെ ശിഷ്യന്മാരി(താബിഉകളി)ലുമൊക്കെ ഈ മാതൃക പിന്തുടർന്ന മഹാന്മാർ അനവധിയുണ്ടായിരുന്നു. ഒരിക്കൽ ഒരു സഭയിൽ വെച്ച് ഇമാം ഹസൻ ബസ്വരിയെ ഒരാൾ രൂക്ഷമായി ആക്ഷേപിക്കുകയും ഭർത്സിക്കുകയും ചെയ്തതായി അദ്ദേഹം അറിഞ്ഞു. ഹസൻ ബസ്വരി തന്റെ ഭൃത്യനെ വിളിച്ച് ഒരുകുല മേത്തരം ഈത്തപ്പഴം ഏൽപ്പിച്ചുകൊണ്ട് കൽപ്പിച്ചു: "നീ ഇതുകൊണ്ടുപോയി ഇന്നയാൾക്ക് സമർപ്പിച്ചിട്ടു പറയുക: 'ഇതിനേക്കാൾ വിലപ്പെട്ടതൊന്നും അങ്ങേക്ക് സമ്മാനിക്കാൻ എന്റെ യജമാനന്റെ കൈവശം ഇല്ല. താങ്കൾ താങ്കളുടെ നന്മകൾ ഇന്നലെ അദ്ദേഹത്തിനു സമ്മാനിച്ചതായി അദ്ദേഹം അറിഞ്ഞിരിക്കുന്നു. എന്റെ ഈ സമ്മാനത്തെക്കാൾ വിലപ്പെട്ടതാണവയെന്ന കാര്യത്തിൽ ഒട്ടും സംശയമില്ല."

തിന്മയെ തിന്മകൊണ്ട് നേരിടാനുള്ള പ്രചോദനമുണ്ടാകുന്നത് ചെകുത്താനിൽ നിന്നാണ്. അതുകൊണ്ട് വിശ്വാസി സദാ ചെകുത്താന്റെ പ്രേരണയിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കണം. തിന്മയെ അതുപോലുള്ളതോ അതിലും വലുതോ ആയ തിന്മകൊണ്ട് നേരിടാൻ തോന്നുമ്പോഴൊക്കെ അത് പൈശാചിക പ്രചോദനമാണെന്ന് മനസ്സിലാക്കണമെന്ന ധ്വനിയും ഇതിലുണ്ട്. همزة ന്റെ ബഹുവചനമാണ് همزات . സൂചികൊണ്ടും മറ്റുമുള്ള കുത്തും തുളയുമാണ് ഭാഷയിൽ همزة . ഇവിടെ ഉദ്ദേശ്യം പൈശാചിക പ്രേരണയും പ്രകോപനവുമാണ്. ഈയർഥത്തിൽ ഇത് نزغة ന്റെ പര്യായമാകുന്നു. സൂറ *ഫുസ്സ്വിലത്ത്* 34-35 സൂക്തങ്ങളിലും തിന്മയെ ഏറ്റവും നന്മയായതുകൊണ്ട് പ്രതിരോധിക്കുന്ന കാര്യം പറയുന്നുണ്ട്. അവിടെയും ചെകുത്താന്റെ ദുഷ്പ്രേരണകളിൽ നിന്ന് അല്ലാഹുവിൽ ശരണം തേടാനുള്ള ഉണർത്തൽ കാണാം. പൈശാചിക പ്രേരണയെക്കുറിക്കാൻ نزغ എന്ന പദമാണ് അവിടെ ഉപയോഗിച്ചിട്ടുള്ളത്.

സാത്താനിക പ്രേരണകളിൽ നിന്നുമാത്രമല്ല, ചെകുത്താന്റെ സാന്നിധ്യത്തിൽ നിന്നുകൂടി അല്ലാഹുവിൽ അഭയംതേടിക്കൊണ്ടിരിക്കണമെന്ന് ഇവിടെ ഉപദേശിച്ചിരിക്കുന്നു. തന്റെ കാര്യങ്ങളിൽ ചെകുത്താൻ ഇടപെടുകയാണ്, ചെകുത്താന്റെ സാന്നിധ്യം കൊണ്ടുദ്ദേശ്യം-ഈ സാന്നിധ്യം രണ്ടുവിധത്തിലുണ്ട്. ചെകുത്താൻ മനസ്സിൽ കടന്നുകൂടി ദുർവിചാരങ്ങളുണർത്തുകയാണ് ഒന്ന്. സാത്താന്റെ പ്രചോദനങ്ങൾക്കടിപ്പെട്ട മനുഷ്യരിലൂടെ ദുർബോധനം ചെയ്യുകയാണ് രണ്ടാമത്തേത്. രണ്ടിലും ചെകുത്താൻ അദൃശ്യനാണ്. നാം നമ്മോടു തന്നെ സംസാരിക്കുന്നതു പോലെയാണ് ഒന്നാമത്തേത്. രണ്ടാമത്തേത് നമ്മുടെ സുഹൃത്തുക്കളോ ഗുണകാംക്ഷികളോ സംസാരിക്കുന്ന രൂപത്തിലും. ജാഗ്രത്തായ ദൈവബോധവും ദൈവത്തിന്റെ ഉദാരമായ കാവലുമില്ലാതെ ഈ രണ്ടുതരം പൈശാചിക സാന്നിധ്യങ്ങളിൽ നിന്നും രക്ഷപ്പെടാനാവില്ല. മനസ്സിലുണരുന്ന തെറ്റായ തോന്നലുകളെയും, തെറ്റായ ഉപദേശങ്ങൾ നൽകുന്നവരെയും തൽക്കാലം അനുസരിച്ചില്ലെങ്കിലും അവരുടെ സ്ഥിരമായ സാന്നിധ്യം നമ്മെ തെറ്റുകളിലേക്ക് നയിക്കാൻ ഏറെ സാധ്യതയുണ്ട്. അതുകൊണ്ടാണ് അവരുടെ സാമീപ്യത്തിൽ നിന്ന് പോലും അല്ലാഹുവിൽ ശരണംതേടാൻ ഉപദേശിക്കുന്നത്. ■

99. അങ്ങനെ അവരിലൊരുവന്ന് മരണമാസന്നമായാൽ കേഴുകയായി: നാഥാ, എന്നെ ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കേണമേ!

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾

100. അവിടെ ഉപേക്ഷിച്ചുപോന്നതിലൊക്കെയും ഞാൻ സൽക്കർമങ്ങൾ ചെയ്തുകൊള്ളാം. അതൊരിക്കലും നടപ്പില്ല. അവൻ ഉരുവിടുന്ന വായ്ത്താരി മാത്രമാണത്. അവർക്കുപിന്നിൽ ഉയിർത്തെഴുന്നേൽപ്പുവരെ ഒരു മറയുണ്ടായിരിക്കും.

لَعَلِّىٓ أَعْمَلُ صَـٰلِحًا فِيمَا تَرَكْتُ ۚ كَلَّآ ۚ إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ﴿١٠٠﴾

**99,100**

حَتَّىٰٓ = അങ്ങനെ, വരെ إِذَا جَآءَ = വന്നാൽ, ആസന്നമായാൽ

أَحَدَهُمُ = അവരിൽ ഒരുവന്ന് ٱلْمَوْتُ = മരണം قَالَ = അവൻ പറഞ്ഞു (കേഴുകയായി)

رَبِّ ٱرْجِعُونِ = നാഥാ, എന്നെ നിങ്ങൾ തിരിച്ചയക്കേണമേ

لَعَلِّىٓ أَعْمَلُ = ഞാൻ പ്രവർത്തിക്കാൻ (ചെയ്തുകൊള്ളാം) صَٰلِحًا = നല്ലത് (സൽകർമങ്ങൾ)

فِيمَا تَرَكْتُ = (അവിടെ) ഞാൻ ഉപേക്ഷിച്ചതിൽ(ച്ചുപോന്നതിൽ ഒക്കെയും)

كَلَّآ = ഒരിക്കലും (അതൊരിക്കലും നടപ്പ്) ഇല്ല إِنَّهَا كَلِمَةٌ = അതൊരു വചനം (വായ്ത്താരി മാത്രം) ആകുന്നു

هُوَ قَآئِلُهَا = അവൻ (ഉരുവിടുന്ന) അതിന്റെ വക്താവാകുന്നു وَمِن وَرَآئِهِم = അവരുടെ പിന്നിൽ, മുന്നിൽ ഉണ്ടായിരിക്കും

بَرْزَخٌ = ഒരു മറ (ഭൗതികലോകത്തിനും പാരത്രിക ലോകത്തിനും ഇടയിലുള്ള അവസ്ഥയാകുന്ന)

إِلَىٰ يَوْمِ يُبْعَثُونَ = അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന നാളുവരെ

ഇവിടെ حتى എന്ന ശബ്ദം മുകളിൽ പറഞ്ഞ വിഷയം അവസാനിപ്പിച്ച് മറ്റൊരു വിഷയം തുടങ്ങുന്നതിനെ സൂചിപ്പിക്കുന്നുവെന്ന് ചില ഭാഷാഭിജ്ഞർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വചനങ്ങളെ 96ാം സൂക്തത്തിലെ نَحْنُ أَعْلَمُ بِمَا يَصِفُونَ -അവർ ആരോപിക്കുന്നതൊക്കെയും നാം നന്നായി അറിയുന്നുണ്ട്- എന്ന വാക്യവുമായി ബന്ധിപ്പിക്കുന്നതാണ് ഈ حتى എന്നാണ് പ്രബലമായ അഭിപ്രായം. അതായത്, മരണം ആസന്നമാകുന്നതുവരെ ധർമവിരോധികൾ ഈ ആരോപണങ്ങളും അസത്യവാദങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കും. മരണം വന്നുപിടികൂടുമ്പോൾ അവർ കണ്ണു തുറക്കുന്നു. അവിദ്യയുടെയും ആസക്തികളുടെയും തിരശ്ശീലകൾ നീങ്ങിപ്പോകുന്നു. സ്വന്തം ജീവിതം അതിന്റെ എല്ലാ ഗുണദോഷങ്ങളോടും കൂടി മുന്നിൽ തെളിയുന്നു. ആ ജീവിതം അർഹിക്കുന്ന പാരത്രിക ഫലവും തെളിയുന്നു. സൂറ *ഖാഫ്* 22ാം സൂക്തം അതേപ്പറ്റി പറയുന്നു: فَكَشَفْنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلْيَوْمَ حَدِيدٌ -നിന്റെ കണ്ണുകളിൽ നിന്ന് അതിന്റെ മൂടി നാം നീക്കിക്കളഞ്ഞിരിക്കുന്നു. ഇന്നു നിന്റെ ദൃഷ്ടികൾ തീക്ഷ്ണമാകുന്നു-ആ സന്ദർഭത്തിൽ സജ്ജനങ്ങൾ അവർക്ക് ലഭിക്കാൻ പോകുന്ന സൗഭാഗ്യങ്ങളിൽ സന്തുഷ്ടരാകുന്നു. ദുർജ്ജനങ്ങളോ, തങ്ങളെ കാത്തിരിക്കുന്ന നരകയാതനകൾ കണ്ട് നെടുംഖേദത്തോടെ നിലവിളിക്കുകയായി: "ദൈവമേ ഞങ്ങളെ ഒരിക്കൽ കൂടി ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കണേ. ഞങ്ങളവിടെ നിന്റെ പ്രീതിക്കൊത്തവണ്ണം സത്യവിശ്വാസികളും നീതിമാന്മാരും ധർമിഷ്ഠരും ദൈവഭക്തരുമായി വാണുകൊള്ളാം.'' فِيمَا تَرَكْتُ -ഞാൻ ഉപേക്ഷിച്ചതിൽ-എന്നതുകൊണ്ടുദ്ദേശ്യം ഇഹലോകത്തു വിട്ടുപോയ ഭൗതിക ജീവിതമാകാം. സമ്പത്ത്, സന്തതികൾ, സ്ഥാനമാനങ്ങൾ, ശാരീരികവും മാനസികവുമായ കഴിവുകൾ എന്നിങ്ങനെ ഭൗതിക ലോകത്ത് ദുർവിനിയോഗം ചെയ്തു നശിപ്പിച്ച എല്ലാ അനുഗ്രഹങ്ങളെയും ദൈവത്തെയും ദൈവദൂതനെയും അനുസരിച്ചുകൊണ്ട് ശരിയാംവണ്ണം ഉപയോഗിച്ച് നന്മകളായി വളർത്തിക്കൊള്ളാം എന്ന് കേഴുകയാണെന്ന വ്യാഖ്യാനമാണ് കൂടുതൽ ഉചിതം.

മൃത്യുവിന്റെ പിടിയിലകപ്പെടുന്നത് മുതൽ നരകപ്രവേശം വരെയും അതിനു ശേഷവും മഹാപാപികൾ സ്വന്തം ചെയ്തികളിൽ മനംനൊന്ത് പശ്ചാത്തപിക്കുകയും, ഒരിക്കൽ കൂടി ഭൗതിക ലോകത്തേക്ക് തിരിച്ചുചെന്ന് സത്യധർമങ്ങളനുഷ്ഠിച്ച് ജീവിക്കാനും അങ്ങനെ നരക മുക്തരാവാനും അവസരം തരേണമെന്ന് കേണ്കൊണ്ടിരിക്കുകയും ചെയ്യുമെന്ന ആശയം സൂറ *അൽഅൻആം* 27,28, *അൽഅഅ്റാഫ്* 53, ഇബ്റാഹീം 44-45 സൂക്തങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്.

സൃഷ്ടികൾ അല്ലാഹുവിനെ 'നിങ്ങൾ' എന്ന് ബഹുവചനത്തിൽ സംബോധന ചെയ്യാറില്ല. മിക്ക ഭാഷകളിലും അതങ്ങനെയാണ്. ബഹുവചനത്തിലുള്ള സംബോധന അല്ലാഹുവിന്റെ നിരുപാധികമായ ഏകത്വവുമായി പൊരുത്തപ്പെടുന്നതല്ലല്ലോ. എന്നാൽ അല്ലാഹു സ്വയം ആദരിച്ചുകൊണ്ട് തന്നെ നാം-നമ്മൾ (إنا-نَحْنُ) എന്നു വ്യവഹരിക്കാറുണ്ട്. തന്നിൽത്തന്നെ ആദരണീയനും സ്തുതീയനുമായവനാണല്ലോ അവൻ. ഇവിടെ رَبِّ ٱرْجِعُونِ -നാഥാ നിങ്ങൾ എന്നെ തിരിച്ചയക്കേണമേ-എന്ന മധ്യമപുരുഷ ബഹുവചനമാണുപയോഗിച്ചിരിക്കുന്നത്. ഖുർആൻ പണ്ഡിതന്മാർ ഇതിനെ മൂന്നു വിധത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. 1) സൃഷ്ടികൾ പരസ്പരം ആദരിച്ചുകൊണ്ട് ബഹുവചനത്തിൽ സംബോധന ചെയ്യുന്നതുപോലെ അവർ അല്ലാഹുവിനെയും സംബോധന ചെയ്യുകയാണ്. 2) അല്ലാഹുവിനോടാണ് പ്രാർഥിക്കുന്നതെങ്കിലും ജീവൻ പിടിക്കാൻ എത്തിയ മലക്കുകളോടാണ് 'നിങ്ങൾ എന്നെ തിരിച്ചയക്കേണമേ' എന്നു പറയുന്നത്. 3) തിരിച്ചയക്കുക എന്ന ക്രിയയുടെ കർത്താവിന്റെ ബഹുത്വത്തെയല്ല, മറിച്ച് തിരിച്ചയക്കണേ എന്ന പ്രാർഥനയുടെ ബഹുത്വത്തെയാണീ ബഹുവചനം കുറിക്കുന്നത്. അതായത്, 'നാഥാ എന്നെ ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കണേ, തിരിച്ചയക്കണേ, തിരിച്ചയക്കണേ' എന്ന്. കൂടുതൽ യുക്തിസഹമായിത്തോന്നുന്നത് ഒന്നാമത്തെ വ്യാഖ്യാനമാണ്.

ഭൗതിക ജീവിതം തിരിച്ചുതരേണമേ എന്ന പ്രാർഥനയോടുള്ള അല്ലാഹുവിന്റെ പ്രതികരണമാണ് ...كَلَّآ إِنَّهَا എന്നു

തുടങ്ങുന്ന വാചകം. അതായത് ഇനിയൊരു തിരിച്ചുപോക്ക് ഒരിക്കലും നടപ്പുള്ള കാര്യമല്ല. ഇപ്പോൾ അദമ്യമായ പശ്ചാത്താപത്തോടും ദുഃഖത്തോടും കൂടിയാണിത് പറയുന്നതെങ്കിലും അതൊക്കെ പ്രയോജനപ്പെടുന്ന അവസരം കഴിഞ്ഞു പോയിരിക്കുന്നു. ഭൗതിക ജീവിതമാണ് കർമകാലം. മരണത്തോടെ ആ അവസരം അവസാനിച്ചു കഴിഞ്ഞു. ഇപ്പോൾ അവർക്കും അവർ പിന്നിട്ട ഭൗതിക ജീവിതത്തിനുമിടയിൽ തരണം ചെയ്യാനാവാത്ത പ്രതിബന്ധമുയർന്നിരിക്കുന്നു. وَمِن وَرَآئِهِم بَرْزَخٌ എന്നാണ് മൂലവാക്ക്. وراء ന്റെ മൗലികമായ അർഥം 'പിന്നിൽ' എന്നാണെങ്കിലും മുന്നിൽ, അപ്പുറം, പുറമെ, ശേഷം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. *അൽകഹ്ഫ്* 79ാം സൂക്തത്തിലെ وَكَانَ وَرَآءَهُم مَّلِكٌ എന്ന വാക്കിനർഥം 'അവർക്ക് മുമ്പിൽ ഒരു രാജാവുണ്ടായിരുന്നു' എന്നാണല്ലോ. അതുപോലെ ഇവിടെയും وراء കുറിക്കുന്നത് മുൻവശത്തെയാണെന്ന് വ്യാഖ്യാതാക്കൾ പൊതുവിൽ കരുതുന്നു. എന്നാൽ പിന്നിൽ എന്ന അർഥവും യോജിക്കും. ധിക്കാരികൾക്കും അവർ പിന്നിലുപേക്ഷിച്ചു പോയ ഭൗതിക ജീവിതത്തിനുമിടയിലാണല്ലോ മറ ഉയരുന്നത്. അതു അവരുടെ പിന്നിലാകുന്നതിൽ അസാംഗത്യമൊന്നുമില്ല. برزخ പാർസി പദമായ برزه യുടെ അറബീകൃത രൂപമാണ്. നമ്മുടെ പർദയും برزهയുടെ തത്ഭവമാണ്. ഈ മറ-برزخ-കൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത് മരിച്ചുപോയവർക്ക് ഇഹലോക ബന്ധവും പരലോക ബന്ധവും അസാധ്യമാകുന്ന അവസ്ഥയെയാണ്. ഇഹലോകം നിലനിൽക്കുന്നിടത്തോളം കാലം-ഉയിർത്തെഴുന്നേൽപു സംഭവിക്കുന്നതുവരെ ആ അവസ്ഥ നിലനിൽക്കും. ബർസഖിനെ ചില പണ്ഡിതന്മാർ മനുഷ്യർ ഖബ്റിൽ കഴിയുന്ന അവസ്ഥയായി വ്യാഖ്യാനിച്ചിരിക്കുന്നു. മരണവേളയിൽ ജീവിതം തിരിച്ചുകിട്ടാൻ പ്രാർഥിക്കുന്നവരുടെ മുമ്പിൽ ഇനി ഖബ്ർ മാത്രമേയുള്ള എന്നു പറയുകയാണിവിടെ. ബർസഖിൽ, ഖബറിൽ, ദുർജ്ജനം കൊടിയ പീഡനങ്ങളനുഭവിക്കുമെന്ന് വ്യക്തമാക്കുന്ന അനേകം നബിവചനങ്ങളുണ്ട്. ഖബ്റാളികളുടെ ശരീരം മണ്ണായിപ്പോകുന്നുവെന്നത് ഗോചരമായ യാഥാർഥ്യമാണ്. അപ്പോൾ അവരുടെ പീഡാനുഭവത്തിന്റെ സ്വഭാവം എന്തായിരിക്കും? അതു നിർണയിക്കാൻ നമുക്കാവില്ല. കാരണം, ബർസഖ് നമ്മെ സംബന്ധിച്ചിടത്തോളം അജ്ഞേയ ലോകമാണ്. അതിൽ നടക്കുന്ന സംഭവങ്ങളും അജ്ഞേയമാണ്. ഭൗതിക ലോകത്തിന്റെ മാനദണ്ഡങ്ങൾക്ക് പാകമാകാത്തതിന്റെ പേരിൽ ഖബ്ർ ശിക്ഷയെ നിഷേധിച്ചുകൂടാ.

ചിലർ വാദിക്കുന്നു: മരണത്തിനും വിചാരണക്കും ഇടയിലുള്ള ഘട്ടമാണ് ബർസഖ്. വിചാരണക്കുശേഷം ശരിതെറ്റുകൾ സ്ഥിരപ്പെടുകയും പ്രതികളെ ബോധ്യപ്പെടുത്തുകയും ചെയ്ത ശേഷമാണ് അല്ലാഹു രക്ഷാ ശിക്ഷകൾ വിധിക്കുക. വിചാരണക്ക് മുമ്പുള്ള ബർസഖീ ഘട്ടത്തിൽ ശിക്ഷ തുടങ്ങുന്നത് ലോക്കപ്പ് മർദ്ദനം പോലെയാണ്. നീതിമാനായ അല്ലാഹുവിങ്കൽ നിന്നും അതുണ്ടാകുന്നതെങ്ങനെ? അജ്ഞേയമായ അഭൗതിക ലോകത്തു നടക്കുന്ന കാര്യങ്ങളെ ജ്ഞേയമായ ഭൗതിക ലോകത്തിന്റെ മാനദണ്ഡങ്ങൾ കൊണ്ടളക്കുമ്പോഴുണ്ടാകുന്ന സന്ദേഹമാണിത്. ഇനി ഈ ഉദാഹരണം വെച്ചു തന്നെ ആലോചിച്ചു നോക്കുക. പോലീസിന്റെ വക മർദനമൊന്നും ഉണ്ടായില്ലെങ്കിലും ലോക്കപ്പിലടക്കപ്പെടുന്നതു തന്നെ ഒരു പീഡനമല്ലേ? യഥാർഥ കുറ്റവാളികളെ സംബന്ധിച്ചിടത്തോളം, വരാനിരിക്കുന്ന വിചാരണയും ശിക്ഷാവിധിയും അവരുടെ മനസ്സിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കും. ബർസഖീ ഘട്ടത്തെ നിദ്രാവസ്ഥയോടുപമിക്കുന്നുണ്ട്. അന്ത്യനാളിൽ ഉയിർത്തെഴുന്നേൽക്കുന്നവർ ചോദിക്കുന്നു: مَنۢ بَعَثَنَا مِن مَّرْقَدِنَا .. -ഉറക്കിടങ്ങളിൽ നിന്ന് ഞങ്ങളെ ഉണർത്തിയതാരാണ്?.." (36:52). ബർസഖിൽ എത്ര സഹസ്രാബ്ദങ്ങൾ കഴിഞ്ഞുകൂടിയാലും ഏതാനും നാഴികനേരം മാത്രം കടന്നുപോയതായിട്ടേ തോന്നൂ.

كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوٓا۟ إِلَّا عَشِيَّةً أَوْ ضُحَىٰهَا ﴿٤٦﴾ -"ലോകാവസാനം ജനം ഉയിർത്തെഴുന്നേൽപുകാണുംനാളിൽ ഒരു സായാഹ്നമോ അഥവാ അതിന്റെ പൂർവാഹ്നമോ മാത്രമേ മൃതാവസ്ഥയിൽ കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്നാണവർക്ക് തോന്നുക" (79:46). ബർസഖിൽ നേരിടേണ്ടി വരുന്നത് സ്വപ്ന രൂപത്തിലുള്ള മാനസികാനുഭവങ്ങളായിരിക്കും എന്ന സൂചനയാണ് ഇതിൽ നിന്ന് ലഭിക്കുന്നത്. ■


## Matrimonial

**ജി.ഐ.ഒ പ്രവർത്തക** (19/177cm), **ഇസ്‌ലാമിക സ്ഥാപനത്തിൽ** B.Com Final Year, **കോഴിക്കോട് ജില്ല. അനുയോജ്യരായ പ്രസ്ഥാന പ്രവർത്തകരുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. കോഴിക്കോട്, മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.**

8943315709
9400783205

**മുസ്‌ലിം യുവതി** (23/164cm), BAMS Final Year, Educated Family, **ദീനി കുടുംബം, മലപ്പുറം ജില്ല.** MD **ചെയ്യുന്ന** BAMS/MBBS **ഡോക്ടർമാരുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. മലപ്പുറം/ സമീപ ജില്ലക്കാർക്ക് മുൻഗണന.**

9495607417

**ദീനീനിഷ്ഠയും വിദ്യാഭ്യാസവുമുള്ള യുവാവ്** (33/169cm), **സിവിൽ സർവീസ് ട്രെയിനർ, വിദ്യാഭ്യാസ പ്രവർത്തകൻ. ദീനിബോധവും സർഗവാസനയുമുള്ള ലളിതജീവിതം ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ രക്ഷിതാക്കൾ (മലപ്പുറം, കോഴിക്കോട്, കണ്ണൂർ, എറണാകുളം ജില്ലക്കാർ) ബന്ധപ്പെടുക.**

9946339118